**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6054** **09-07-2024 - ൽ മറുപടിയ്ക്ക്**

**സോളാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി ഉല്പാദനത്തിനായി വീടുകളിൽ സോളാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) ഒരു കോടി വീടുകളിൽ സബ്സിഡിയോടുകൂടിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന '**പി.എം സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന**' പദ്ധതി പ്രഖ്യാപിക്കുകയും പഴയ സബ്സിഡി പദ്ധതികൾ നിർത്തലാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൽ സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 1 kW സിസ്റ്റത്തിന് 30,000/- രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും 3 kW മുതൽ ഉയർന്ന ശേഷിയുള്ള സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. എല്ലാ സംസ്ഥാനങ്ങൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയും. ഈ പദ്ധതിയുടെ പ്രൊമോഷന് വേണ്ട പ്രചാരണം നൽകുന്നതാണ്.<br><br>സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങളോടുകൂടി പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. |
| (ബി) | വടകര താലൂക്കിൽ ഇതിനായി നിയോഗിച്ചിട്ടുള്ള അംഗീകൃത ഏജൻസികളുടെ വിവരങ്ങൾ അറിയിക്കാമോ? | (ബി) | വടകര താലൂക്കിനായി ഒരു പ്രത്യേക അംഗീകൃത ഏജൻസിയെ നിയോഗിച്ചിട്ടില്ല. '**പ്രധാൻമന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന**' എന്ന പദ്ധതി വഴി സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന അടിസ്ഥാനത്തിലാണ് MNRE വ്യവസ്ഥകൾ പ്രകാരം ഏജൻസികളെ എംപാനൽ ചെയ്തിട്ടുള്ളത്. MNRE പോർട്ടൽ (PM സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന) വഴി അപേക്ഷ സമർപ്പിക്കുന്നവർക്ക് എംപാനൽ ചെയ്ത ഏജൻസികളുടെ വിവരങ്ങൾ കാണാൻ സാധിക്കുന്നതും, അതിൽ നിന്നും ഉചിതമായ ഒരാളെ തെരഞ്ഞെടുക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ